# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1959** **10-3-2020 - ൽ മറുപടിയ്ക്ക്**

**ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാരുടെ ചുമതല**

**ചോദ്യം** **മറുപടി**

ശ്രീ.ടി.ജെ. വിനോദ് :

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാർ സ്ഥാനം ഒഴിയുമ്പോൾ പ്രസിഡന്റിന്റെ ചുമതല തുടർന്ന് ആരാണ് വഹിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (എ) | ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാർ സ്ഥാനം ഒഴിയുമ്പോൾ പ്രസിഡന്റിന്റെ ചുമതല അതാത് ഫോറങ്ങളിലെ മുതിർന്ന അംഗത്തിനോ അല്ലെങ്കിൽ തൊട്ടടുത്ത ഫോറങ്ങളിലെ പ്രസിഡന്റിനോ നൽകി വരുന്നു. |
| (ബി) | കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം പ്രസിഡന്റിന്റെ അഭാവത്തിൽ പ്രസിഡന്റിന്റെ ചുമതല ആർക്കാണ് കൈമാറേണ്ടത്; ആക്ടിലെ ഇത് സംബന്ധിച്ച വകുപ്പ് ഏതെന്ന് വിശദമാക്കുമോ; | (ബി) | കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് 1986 ലെ സെക്ഷൻ 22 ഡി പ്രകാരമാണ് ഫോറങ്ങളിലെ പ്രസിഡന്റുമാരുടെ ചുമതല അതാത് ഫോറങ്ങളിലെ മുതിർന്ന അംഗത്തിനോ അല്ലെങ്കിൽ തൊട്ടടുത്ത ഫോറങ്ങളിലെ പ്രസിഡന്റിനോ നൽകി വരുന്നത്. |
| (സി) | നിലവിൽ പ്രസിഡന്റിന്റെ ഒഴിവുള്ള ഫോറങ്ങളിൽ ഇതുപ്രകാരമാണോ ചുമതല നൽകിയിരിക്കുന്നത്; അല്ലെങ്കിൽ ആർക്കാണ് ചുമതല നൽകിയിരിക്കുന്നത്; ആയതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (സി) | അതെ |

| | | | |
|---|---|---|---|
| (ഡി) | പ്രസിഡന്റിന്റെ ചുമതല ആക്ട് പ്രകാരമല്ലാതെ മറ്റാർക്കെങ്കിലും ആണ് നൽകിയിരിക്കുന്നതെങ്കിൽ ഏത് നിയമ പ്രകാരമാണെന്നും ആയതിന്റെ നിയമ സാധുത ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടോ എന്നും അറിയിക്കാമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) & (ഇ) | 1986 ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് പ്രകാരമാണ് ചുമതല നൽകി വരുന്നത്. |
| (ഇ) | പ്രസിഡന്റിന്റെ അഭാവത്തിൽ പ്രസിഡന്റിന്റെ ചുമതല ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ആളുകൾക്ക് തന്നെ നൽകുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ